**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **2205** 23.03.2012-ലെ മറുപടിക്ക്

**വഴിയോര കുടിവെള്ള ടാപ്പുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വഴിയോര കുടിവെള്ള ടാപ്പുകൾ നിർത്തലാക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) | എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ; | കേരള വാട്ടർ അതോറിറ്റിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വർഷങ്ങളായി നൽകാനുള്ള വാട്ടർ ചാർജ്ജ് കുടിശ്ശികപൂർണ്ണമായും നൽകാൻ കഴിയാതെ വരികയാണ്. ഇക്കാര്യത്തിൽ പൊതു വാട്ടർ ടാപ്പുകളുടെ ഉപഭോഗത്തിൽ കാര്യക്ഷമത വരുത്തിയാൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവ് കുറക്കാൻ കഴിയൂ എന്ന സ്ഥിതിവിശേഷം സംജാതമായിട്ടുണ്ട്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതു ആവശ്യ ഫണ്ട് വാട്ടർ ചാർജ്ജ് നൽകുന്ന ഇനത്തിൽ കൂടുതലായി ചെലവഴിക്കേണ്ടി വരുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാവുന്നതായി കാണുന്നു. ഈ പശ്ചാത്തലത്തിൽ 22.02.2012-ന് ചേർന്ന സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി യോഗം അതിന്റെ 2.9 നമ്പർ തീരുമാന പ്രകാരം പൈപ്പുകളിൽ (സ്ട്രീറ്റ് ടാപ്പുകളിൽ) നിന്നും വെള്ളമെടുക്കുന്ന വീട്ടുകാർക്ക് കണക്ഷൻ നൽകുന്നതിനായി പൂർണ്ണ ചെലവ് വികേന്ദ്രീകൃതാസൂത്രണത്തിൽ ഉൾപ്പെടുത്തി വഹിക്കുന്നതിന് അടുത്ത വർഷം സ്കീം നടപ്പിലാക്കുന്നതാണെന്നും അങ്ങനെ വഴിപൈപ്പുകൾ നിർത്തലാക്കുന്നതാണെന്നും തീരുമാനിച്ചു. ഇക്കാര്യം 27.02.2012-ൽജി.ഒ.(ആർ.റ്റി).600/2012/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് തദ്ദേശഭരണ ഏകോപന സമിതിയുടെ ശുപാർശകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | |
| ഡി) | സ്വന്തമായി വാട്ടർ കണക്ഷനോ, കുടിവെള്ളം ലഭിക്കുവാൻ മറ്റ് മാർഗ്ഗങ്ങളോ ഇല്ലാത്ത സാധാരണക്കാർക്ക് പ്രയോജനകരമായ വഴിയോര കുടിവെള്ള ടാപ്പുകൾ നിലനിർത്തുവാൻ നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ